സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്

136(2174) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്തെ പാലപ്പുറത്തുള്ള സ്റ്റീൽ ഇൻസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാസ്റ്റ് അയൺ പ്രൊഡക്ഷൻ കെട്ടിക്കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ഉല്പന്നങ്ങളായ സി.ഐ. പൈപ്പുകളും മറ്റ് ഉല്പന്നങ്ങളും എടുക്കുന്നത് സംബന്ധിച്ച് പ്രസ്തുത സ്ഥാപനവും കേരള വാട്ടർ അതോറിറ്റിയും തമ്മിലുണ്ടാക്കിയ കരാറിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) എന്നാണ് കരാറിന്റെ കാലാവധി അവസാനിച്ചത്;

(ഇ) പുതുക്കി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് ഒറ്റപ്പാലത്തെ പാലപ്പുറം യൂണിറ്റിന്റെ ഒന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് 280 ലക്ഷം രൂപയും 2012-13-ൽ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് 176 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. ടി നവീകരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ബി) ഇല്ല.

(സി) പ്രസ്തുത സ്ഥാപനത്തിലെ ഉല്പന്നങ്ങളായ സി.ഐ. പൈപ്പുകൾ/ സി.ഐ.ഡി. ജോയിന്റ്, മാൻഹോൾ കവർ എന്നിവ വിൽപ്പന നടത്തുന്നത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായുള്ള കരാറിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ	കരാറിന്റെ കാലാവധി . ഉൽപ്പന്നങ്ങൾ	ഇപ്പോഴത്തെ സ്ഥിതി
1 CID Joint/CI Pipe	30-10-2015 to 29-10-2016	കരാർ നിലവിൽ ഉണ്ട്
2 മാൻഹോൾ കവർ	23-3-2014 to 22-3-2015	ആറുമാസം കൂടി ഉഭയകക്ഷി സമ്മത പ്രകാരം കരാർ നിലവിൽ ഉണ്ടായിരുന്നു.

(ഡി) കാസ്റ്റ് അയൺ പൈപ്പുകളും സി.ഐ.ഡി. ജോയിന്റുകളും കേരള വാട്ടർ അതോറിറ്റിക്ക് കൊടുക്കുവാനുള്ള കരാർ ഇപ്പോഴും നിലവിൽ ഉണ്ട്.

(ഇ) കരാർ പുതുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി കമ്പനി ചർച്ചകൾ നടത്തിവരുന്നു.

ചേർത്തല ഓട്ടോകാസ്റ്റ്

137(2175) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഓട്ടോകാസ്റ്റിനെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് സർക്കാർ ഭാഗത്തുനിന്നും ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഓട്ടോകാസ്റ്റിന്റെ പ്രതിസന്ധിക്ക് കാരണമെന്തെന്നും പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും ഈ മേഖലയിലുള്ളവരുമായി ചർച്ച നടത്തുകയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

ഓട്ടോകാസ്റ്റ് ദീർഘകാലമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കമ്പനിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി സംരക്ഷിക്കുന്നതിന് വിവിധ തലത്തിലുള്ള ഇടപെടലുകൾ നടത്തുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്റ്റീൽ കാസ്റ്റിംഗ് ലൈൻ പദ്ധതി പൂർത്തിയാക്കുന്നതിനും പ്രവർത്തന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിനുമായി ഈ സർക്കാർ ഇതുവരെ 1875 ലക്ഷം രൂപയുടെ ധനസഹായം ഓട്ടോ കാസ്റ്റിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly